**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 115

08.02.2013 ൽ
മറുപടിയ്ക്ക്

## കർഷകരിൽ നിന്നുള്ള നെല്ല് സംഭരണത്തിൽ സ്വകാര്യമില്ലുടമകളുടെ തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. എ.എം.ആരിഫ് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത്കർഷകരിൽനിന്നുള്ള നെല്ല് സംഭരണം ഫലപ്രദമായി നടക്കുന്നുണ്ടോ; നടപ്പു സാമ്പത്തിക വർഷം ഇതുവരെ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വെളിപ്പെടുത്താമോ ; കർഷകർക്ക് നെല്ലിന്റെ വില നൽകാൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര ; | എ) സംസ്ഥാനത്ത് സപ്ലൈകോ കർഷകരിൽ നിന്നും ഫലപ്രദമായി നെല്ല് സംഭരണം നടത്തുന്നുണ്ട്. 2012-2013 ഒന്നാം സീസണിൽ 136130.861 മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. ഇപ്പോൾ 2012-2013 രണ്ടാം സീസണിന്റെ സംഭരണം ആരംഭിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില മുഴുവനായി കർഷകരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് അയച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകർ കൃത്യമായ വിവരം നൽകാത്തതുമൂലം സൂക്ഷ്മ പരിശോധന പൂർത്തിയാക്കാൻ കഴിയാത്ത ഏതാനും പാഡി റസീറ്റ് ഷീറ്റുകളിൽ മാത്രമാണ് ഇനി നെല്ലിന്റെ വില നൽകുവാനുള്ളത്. കർഷകർ കൃത്യമായ വിവരങ്ങൾ നൽകുന്ന മുറയ്ക്ക് ഇത് കൊടുത്തു തീർക്കുവാൻ കഴിയും. |
| ബി) നെല്ലിന്റെ സംഭരണം സ്വകാര്യ മില്ലുകളെ എൽപ്പിച്ചിട്ടുണ്ടോ ;നെല്ലു കുത്തുന്നത് സംബന്ധിച്ച് മില്ലുടമകളുമായി സപ്ലൈകോ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ ; | ബി) .നെല്ല് സംഭരിച്ച് കുത്തി അരിയാക്കി തിരികെ നൽകുന്നതിന് സ്വകാര്യമില്ലുകളുമായിട്ടാണ് സപ്ലൈകോ കരാറിലേർപ്പെട്ടിരിക്കുന്നത്. സംഭരിക്കുന്ന നെല്ലിന്റെ 68% അരിയാക്കി മില്ലുകാർ തിരികെ ഏൽപ്പിക്കണമെന്നുള്ളതാണ് സ്വകാര്യ മില്ലുകളുമായിട്ടുള്ള കരാർ. ഇതിന് പ്രോസസിങ് ആന്റ് ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ഒരു ക്വിന്റൽ നെല്ലിന് ദൂരപരിധിയനുസരിച്ച് 117.40 രൂപ മുതൽ 126.20 രൂപ വരെയാണ് മില്ലുകൾക്ക് നൽകി വരുന്നത്. |
| സി) സംഭരിക്കപ്പെടുന്ന നെല്ല് കുത്തി അരിയാക്കി തിരികെ ഏൽപ്പിക്കുന്നതിന് സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ മില്ലുകൾ അരി തിരിച്ചേല്പിക്കാതെ മറിച്ച് വിൽക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി തിരിച്ചേല്പിക്കാതെ മോശമായ അരി നൽകി മില്ലുടമകൾ വിശ്വാസ വഞ്ചന നടത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | ഡി) യും ഇ) യും | പരിശോധിച്ചിട്ടുണ്ട്. വിതരണത്തിന് സൂക്ഷിച്ച അരിയുടെ ഗുണനിലവാരം പരിശോധിച്ചതിൽ ഗുണനിലവാരം കുറവുള്ള അരി സൂക്ഷിച്ചതിന് 2 മില്ലുകളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3.7.2012 ൽ സപ്ലൈകോ ഉദ്യോഗസ്ഥർ പള്ളിക്കൽ അഗ്രോ മിൽ, മറ്റൂർ, കാലടി എന്ന മില്ലിൽ നടത്തിയ പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞ 1770 ചാക്ക് അരി (885 qtl) വിതരണത്തിനായി സൂക്ഷിച്ചതിന് ടി മില്ലിനെതിരെ കേസെടുത്ത് ക്രൈം നമ്പർ 732/12 ആയി കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 6.8.2012 ൽ കാർത്തിക മോഡേൺ റൈസ് മിൽ, കാഞ്ഞൂർ എന്ന മില്ലിൽ നടത്തിയ പരിശോധനയിൽ 580 ചാക്ക് (290 qtl) ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനായി സൂക്ഷിച്ചതിന് ടി മില്ലിനെതിരെ FIR.886 ആയി കാലടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ഇ) | ഇത്തരം തട്ടിപ്പ് നടത്തിയ ഏതെങ്കിലും മില്ലുടമകളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | | |
| എഫ്) | ഗുണമേന്മ കുറഞ്ഞ അരി നൽകിയതിന്റെ പേരിൽ പിടിച്ചെടുത്ത അരി അതേ മില്ലുടമയ്ക്ക് തന്നെ സപ്ലൈകോ മറിച്ച് വിൽക്കുകയുണ്ടായോ ;വിശദാംശം വെളിപ്പെടുത്തുമോ ? | എഫ്) | പള്ളിക്കൽ അഗ്രോമില്ലിൽ നിന്ന് പിടിച്ചെടുത്ത ഗുണനിലവാരം കുറഞ്ഞ 885 qtl അരി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിൽക്കാൻ സാധ്യമല്ലാത്തതിനാൽ ഡിസംബർ മാസത്തെ ഇ-ടെൻഡറിൽ മട്ട അരിക്ക് രേഖപ്പെടുത്തിയ കൂടിയ വിലയായ കി.ഗ്രാമിന് 34.39 രൂപ വച്ച് ടി മില്ലിൽ നിന്നും ഈടാക്കുകയും ഈ അരി മില്ലുകാരന് തന്നെ തിരികെ കൊടുക്കുകയും ചെയ്തു. |

Beena

സെക്ഷൻ ഓഫീസർ